കാർഷിക മേഖലയുടെ പുനർജ്ജീവനം

21 (*141) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര സർക്കാർ ഏർപ്പെടുത്തുന്ന വ്യാപാര ഉടമ്പടികൾ സംസ്ഥാനത്തെ ഭക്ഷ്യ, നാണ്യ ഉല്പാദകർക്ക് ഹാനികരമായി മാറിക്കൊണ്ടിരിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ കാർഷിക മേഖല പുനർജ്ജീവിപ്പിച്ച് കൃഷി ലാഭകരമാക്കി കാർഷിക രംഗത്ത് കർഷകരെ നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ&ബി) ഉണ്ട്. വ്യാപാരകരാറുകളിൽ ഏർപ്പെടുമ്പോൾ സംസ്ഥാനത്തെ കർഷകരുടെ താൽപ്പര്യങ്ങൾ പരിപൂർണ്ണമായും സംരക്ഷിക്കപ്പെടണമെന്ന് കേന്ദ്ര സർക്കാരിനോട് നിവേദനങ്ങളിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ കാർഷിക മേഖല പുനർജ്ജീവിപ്പിച്ച് കൃഷി ലാഭകരമാക്കുകയും തദ്വാരാ കർഷകരെ കാർഷികരംഗത്ത് നിലനിർത്തുന്നതിനാവശ്യമായ നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. കാർഷിക വികസനത്തിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത് വഴിയാണ് ഇത് സാധ്യമാക്കുന്നത്.

കർഷക കടാശ്വാസ കമ്മീഷൻ

22 (*142) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മീഷന്റെ പക്കൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളുടെ വിശദാംശം നൽകുമോ;

(സി) കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) പ്രസ്തുത നടപടികൾ പൂർണ്ണമായും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് അനുശാസിക്കുന്ന തരത്തിൽ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തുകയും അതത് വർഷത്തെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിക്കുന്നതിന് മുമ്പ് ലഭിച്ചിരുന്ന അപേക്ഷകളിൽ 39868 എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട്. അപേക്ഷ നൽകുന്നതിനുള്ള തീയതി ദീർഘിപ്പിച്ചതിനെത്തുടർന്ന് ലഭിച്ചിട്ടുള്ള അപേക്ഷകൾ കമ്മീഷൻ തിട്ടപ്പെടുത്തി വരുന്നു.

(സി&ഡി) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം ആക്ട് നിലവിൽ വന്ന തീയതിയായ 18-1-2007-നോ അതിനുമുമ്പോ കർഷകരിൽനിന്ന് ലഭിക്കേണ്ട ബാധ്യതകളാണ് കടാശ്വാസം നൽകുന്നതിന് പരിഗണിക്കുന്നത്. എന്നാൽ വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കടാശ്വാസം ശിപാർശ ചെയ്തുകൊണ്ട് കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള കർഷകവിഹിതം അടയ്ക്കുന്ന കർഷകന് ടിയാൻ ബാങ്കിൽ ഈടായ് വച്ചിട്ടുള്ള പ്രമാണം സർക്കാർ വിഹിതം ലഭിക്കുന്നതിനായി കാത്തിരിക്കാതെ തന്നെ തിരികെ നൽകേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുപ്രകാരമുള്ള സർക്കാർ വിഹിതം (കടാശ്വാസം) ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിനാൽ ആയത് കൂടി അടച്ച് വായ്പ കണക്ക് അവസാനിപ്പിക്കുന്നവർക്കും വായ്പ പുതുക്കുന്നവർക്കും കമ്മീഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് പ്രകാരമുള്ള കടാശ്വാസത്തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് ആയത് 2015 മേയ് 21-ാം തീയതി മുതൽ മൂന്ന് വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ അന്തിമ ഉത്തരവിൽ ശിപാർശ ചെയ്ത കടാശ്വാസത്തുക അനുവദിച്ചശേഷം സഹകരണസംഘം രജിസ്ട്രാർ മുഖേന നിർദ്ദിഷ്ട പരിശോധനകൾ നടത്തി തുക വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കമ്മീഷനിൽനിന്ന് അന്തിമ ഉത്തരവുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്കുതന്നെ പരിശോധനക്കായി രജിസ്ട്രാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകാനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിച്ചു.

കമ്മീഷന്റെ ദൈനംദിനകാര്യങ്ങളിൽ കൈകാര്യം ചെയ്യേണ്ടതായി വരുന്ന നിയമപരമായ പ്രശ്നങ്ങളുടെ വ്യാപ്തി കണക്കിലെടുത്ത് നിയമവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷന്റെ ഓഫീസിൽ ലാ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അപേക്ഷകളിലെ തീർപ്പ് കൽപ്പിക്കൽ ത്വരിതപ്പെടുത്തുന്നതിനും ഉതകുന്നവിധം രണ്ട് സീനിയർ കൃഷി ഓഫീസർമാരുടെയും ഒരു കൃഷി അസിസ്റ്റന്റിന്റെയും സേവനം അനുവദിച്ചുനൽകിയിട്ടുണ്ട്. കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ പരമാവധി വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി മലയോര ജില്ലകളായ ഇടുക്കിയിലും വയനാടും എല്ലാ മാസവും സിറ്റിംഗ് നടത്തുകയും പരമാവധി അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തുവരുന്നുണ്ട്.

കുടുംബശ്രീയുടെ വിവിധ പദ്ധതികൾ

23 (*143) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ശിവൻകുട്ടി :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനം നേടിക്കൊടുക്കുന്ന മൃഗസംരക്ഷണ കാർഷിക പദ്ധതികളായ എം.കെ.എസ്.പി., സമഗ്ര എന്നീ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഫണ്ടിംഗ് സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ ; ഫണ്ട് കൃത്യസമയത്ത് തന്നെ ലഭ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;